# 'വിശ്വാസിയുടെ സ്വാതന്ത്ര്യം'

## 1 കൊരിന്ത്യർ 10:23–24

''എല്ലാം അനുവദനീയമാണ് എന്നാൽ എല്ലാം ഗുണകരമല്ല. എല്ലാം അനുവദനീയമാണ് എന്നാൽ എല്ലാം ആത്മീയ അഭിവൃദ്ധി വരുത്തുന്നില്ല. ആരും സ്വന്തം നന്മയല്ല, മറ്റുള്ളവരുടെ നന്മയത്രേ അന്വേഷിക്കേണ്ടത്.''

സ്വാതന്ത്ര്യം എന്നു പറയുന്നത് അതിമനോഹരമായ ഒന്നാണ്. എന്നാൽ കർത്താവിലുള്ള സ്വാതന്ത്ര്യം മറ്റെല്ലാ സ്വാതന്ത്ര്യത്തെക്കാളും അതിമഹത്തായതാണ്. ദൈവം നമുക്ക്; അതു നാം ദുരുപയോഗം ചെയ്കില്ല എന്ന ഉറപ്പോടെ വളരെയേറെ വിശ്വസനീയതോടുകൂടി നൽകിയിരിക്കുന്ന ഒന്നാണ്. അതിനാൽ നാം അത് വേണ്ടും വിധം ഉപയോഗിക്കാൻ അവനോട് കടപ്പെട്ടിരിക്കുന്നു. ആ സ്വാതന്ത്ര്യത്താൽ നാം മറ്റുള്ളവരുടെ സ്വാതന്ത്ര്യം കെടുത്തുകയോ അല്ലെങ്കിൽ അവർക്ക് കർത്താവിലുള്ള ദർശനം ഇല്ലാതാക്കുകയോ ചെയ്യരുത്.

ഇവിടെ പൗലോസ് അപ്പൊസ്തോലൻ പറയുന്നതും ഇതു തന്നെയാണ്. എല്ലാം അനുവദനീയമാണ് എന്നാൽ എല്ലാം ഗുണകരമല്ല. എല്ലാം അനുവദനീയമാണ് എന്നാൽ എല്ലാം ആത്മീയ അഭിവൃദ്ധി വരുത്തുന്നില്ല. എല്ലാം അനുവദനീയമാണെന്നു പറയുമ്പോൾ ഇവിടെ ഉദ്ദേശിക്കുന്നത്, കർത്താവിൽ നമുക്ക് എന്തെല്ലാം അനുവദനീയമാണോ അതിനെക്കുറിച്ചാണ്. അല്ലാതെ മറ്റേതെങ്കിലും തരത്തിൽ നമ്മെ പാപത്തിലേക്കു നയിക്കുന്ന ഒന്നിനെക്കുറിച്ചുമല്ല ഇവിടെ പ്രതിപാദിക്കുന്നത്. ഈ വചനം നാം വായിക്കുമ്പോൾ ഒരു പക്ഷെ നമ്മെ തന്നെ അതിൽ സമർപ്പിച്ച് ആത്മാവിന്റെ നിറവിൽ ധ്യാനിച്ചില്ല എങ്കിൽ നമ്മെ വേറെ അർത്ഥതലങ്ങളിലേക്കു തന്നെ അതു കൊണ്ടുപോയെന്നിരിക്കാം.

എല്ലാം അനുവദനീയമാണെങ്കിലും എല്ലാം ഗുണകരമല്ല എന്നു പറയുമ്പോൾ ഇവിടെ ഉദ്ദേശിക്കുന്നത് നമുക്കു നല്ലതെന്നു തോന്നുന്ന ചില കാര്യങ്ങൾ ഒരു പക്ഷെ നമ്മുടെ കൂടെയുള്ളവർക്ക്, അതാരുമായിക്കൊള്ളട്ടെ, എതിരഭിപ്രായമുള്ളതായിരിക്കെ നാം അതിൽ തന്നെ ഉറച്ചുനിൽക്കുന്നത് ശരിയായ ഒരു നടപടിയല്ല. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരിക്കലും നാം നമ്മുടെ അഭിപ്രായങ്ങൾ മാത്രം മറ്റുള്ളവരെ അടിച്ചേൽപ്പിക്കാൻ വിളിക്കപ്പെട്ടവരല്ല. മറ്റുള്ളവർക്ക് പറയാനുള്ളതും കൂടി കേട്ട് നമ്മുടെ താത്പര്യങ്ങളെ അതിനനുസൃതമായി ക്രമീകരിക്കുവാൻ ശ്രമിക്കുന്നവരായിരിക്കണം.

റോമർ 15:2 ''നാം ഓരോരുത്തരും അയൽക്കാരന്റെ നന്മക്കായി അയാളുടെ ഉന്നമനം മുൻ നിർത്തി അയാളെ പ്രീതിപ്പെടുത്താൻ ശ്രമിക്കണം.''

ഇതു പറയുമ്പോൾ 2 കാര്യങ്ങൾ അടിവരയിട്ടു നാം ചിന്തിക്കണം. അയൽക്കാരന്റെ നന്മക്കായും അയാളുടെ ഉന്നമനത്തിനായും. അതല്ലാതെ അയൽക്കാരന്റെ ഏതു കാര്യത്തിനും അയാളോട് രമ്യതപ്പെട്ട് ജീവിക്കുവാനല്ല പൗലോസ് ആഹ്വാനം തരുന്നത്. ഒരുപക്ഷെ അവരിൽ നിന്നും; അവരുടെ ജീവിതത്തിൽ ക്രിസ്തുവിനോട് അടുക്കുന്നതിൽ നിന്നും അവരെ അകറ്റുന്നതും നമ്മെ ആത്മീയമായി പിമ്പോട്ടു കൊണ്ടുപോകുന്നതുമായ പ്രവൃത്തികൾ ഉണ്ടായെന്നിരിക്കും. അങ്ങനെയുണ്ടാകുമ്പോൾ അതിനോട് പ്രതികൂലമായി പ്രതികരിക്കുവാനും എന്നാൽ അത്മീക വർദ്ധന വരുത്തുന്നതായ കാര്യങ്ങൾക്ക് വേണ്ടി മാത്രം നിലകൊള്ളുവാനും നാം ശ്രമിക്കണം.

അങ്ങനെ ഒരു വിശ്വാസിക്ക് കർത്താവിൽ അനുവദനീയമായ സ്വാതന്ത്ര്യം; അതിൽ തന്നെ ഏത് ഗുണകരമെന്നും, ഏത് ആത്മീയവർദ്ധന വരുത്തുന്നു എന്നും തിരിച്ചറിഞ്ഞ് അതിൽ നിലകൊള്ളാനും ആ സ്വാതന്ത്ര്യത്തിലൂടെ മറ്റുള്ളവരെ കൂടെ ക്രിസ്തുവിലേക്ക് അടുപ്പിക്കാനും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 121:3-5**

''നിന്റെ കാൽ വഴുതുവാൻ അവിടുന്ന് അനുവദിക്കുകയില്ല; നിന്നെ കാവൽ ചെയ്യുന്നവൻ ഉറങ്ങുകയുമില്ല. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തുഭാഗത്തു നിനക്കു തണൽ ആകുന്നു.''

**ബ്രദർ ബിനു ബേബി ആലപ്പുഴ 054**